## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.854 — 30.10.2019-ൽ മറുപടിയ്ക്ക്

### പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് വിദേശ തൊഴിൽ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.ജെ.മാക്സി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | പട്ടികജാതിയിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതിക്കാർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ വകുപ്പ മുഖേന നടപ്പിലാക്കി വരുന്നു. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ തൊഴിൽദായക പരിശീലന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1) അഭ്യസ്ഥവിദ്യരും തൊഴിൽരഹിതരുമായ പട്ടികജാതി യുവജനങ്ങൾക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ, Digseotech, incaetek എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തി വരുന്നു.<br>2) പട്ടികജാതി യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, ഓട്ടോ മൊബൈൽ എൻജിനീയറിംഗ് മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന ഓട്ടോഡയഗണോസിസ് ആന്റ് റിപ്പയർ പരിശീലനം, ടിൻകറിംഗ് ആൻറ് പെയിന്റിംഗ് പരിശീലനം, സെയിൽസ് എക്സിക്യൂട്ടീവ് പരിശീലനം, സോളാർ പാനൽ ടെക്നീഷ്യൻ, എയർ കണ്ടീഷൻ ടെക്നീഷ്യൻ, കമ്പ്യൂട്ടിംഗ് ആൻറ് പെരിഫെറൽസ് ടെക്നീഷ്യൻ, സിസിടിവി ടെക്നീഷ്യൻ എന്നീ പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന തൊഴിൽ ലഭ്യത ഉറപ്പ വരുത്തി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്.<br>3) പട്ടികജാതിക്കാർക്ക് വിദേശത്ത് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന Pipe fabricator/fitter, Industrial electrician കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് |

| | | | |
|---|---|---|---|
| | | | മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെൻറ് പരിശീലനം, Food Production Course നഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽസാധ്യതയുള്ള NEP/ FNEP/ IELTS, ANEP, OET പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലെയ്സ്മെന്റ് ലഭ്യമാക്കി വരുന്നു.<br>4) പട്ടികജാതി യുവതീയുവാക്കൾക്ക് മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ്ആർട്ട് പരിശീലനം, ആയുർവ്വേദ നഴ്സിംഗ്, ഹോം നഴ്സിംഗ് പരിശീലനം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ ഫാർമസി ഡിപ്ലോമ, ഗ്രാഫിക് ആൻറ് വെബ് ഡിസൈനിംഗ് കോഴ്സ്, Travel & Tourism Course, Spa therapy course, Geraitric Assistant, Airline Customer Service, Security guard, Fashion Designing Course എന്നിങ്ങനെ വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>5) നഴ്സിംഗ് പഠനം പൂർത്തിയാക്കിയ പട്ടിക ജാതിയുവതീയുവാക്കൾക്ക് കരാർ അടിസ്ഥാനത്തിൽ 15000/- രൂപ പ്രതിമാസം ഓണറേറിയവും, 1500/-രൂപ യൂണിഫോം അലവൻസും നൽകി താലൂക്ക്/ജില്ലാ ജനറൽ ആശുപത്രികളിൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>6) വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ കളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് തൊഴിൽ മേളകൾ സംഘടിപ്പിച്ച് പ്ലെയിസ്മെന്റ് ലഭ്യമാക്കി വരുന്നു. |
| (ബി) | മികച്ച തൊഴിൽ നേടുന്നതിനുള്ള മത്സര പരീക്ഷകൾക്കായി ഈ വിഭാഗക്കാർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് സൗജന്യമായി നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | വിവിധ മത്സര പരീക്ഷകൾക്കായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് സംസ്ഥാനത്ത് നാല് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ വകുപ്പിന് കീഴിൽ പ്രവർത്തിച്ച് വരുന്നു.<br>കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി മുഖേന സിവിൽ സർവ്വീസ് പരീക്ഷ പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ പരിശീലനം നൽകി വരുന്നു. ഇവർക്ക് കോഴ്സ്. ഫീസ് സൗജന്യവും, പ്രതിമാസം ഹോസ്റ്റൽ ഫീസ് ആയി 5000/- രൂപയും, പോക്കറ്റ് മണിയായി 1000/- രൂപയും അനുവദിക്കുന്നു.<br>വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ച് വരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) യിൽ പ്രവേശന പരീക്ഷ നടത്തി തെരഞ്ഞെടുക്കപ്പെടുന്ന സമർത്ഥരായ 30 |

| | | | |
|---|---|---|---|
| | | | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് കേരളത്തിലുള്ള മികച്ച സ്ഥാപനങ്ങൾ വഴി സിവിൽ സർവ്വീസ് പരിശീലനം നൽകുന്നതിന് 'ലക്ഷ്യ' സ്കോളർഷിപ്പ് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ICSETS ൽ 30 പട്ടികജാതി വിദ്യാർത്ഥികൾക്കായി പോസ്റ്റ് ഗ്രാജ്വേറ്റ് ജേണലിസം ഡിപ്ലോമ കോഴ്സും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-19 ൽ 245 പേർക്ക് സിവിൽ സർവ്വീസ് അക്കാദമി മുഖേന പരിശീലനം നൽകി.<br>ജുഡിഷ്യറി സർവ്വീസിൽ പട്ടികജാതിക്കാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് ഗവ. ലോ കോളേജ് മുഖേന മുൻസിഫ് മജിസ്ട്രേറ്റ് പ്രവേശന പരീക്ഷയിൽ പരിശീലന പദ്ധതി നടത്തി വരുന്നു. |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (സി) | പട്ടികജാതിക്കാർക്ക് വിദേശത്ത് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന fabricator/fitter, Industrial electrician കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരിശീലനം, Food Production Course, നഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന NEP/ FNEP/ IELTS, ANEP, OET, പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലെയിസ്മെന്റ് ലഭ്യമാക്കി വരുന്നു. ഇതു വരെ 234 പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ ലഭിച്ചു.<br>അങ്കമാലി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇറാം ടെക്നോളജിയുമായി സഹകരിച്ച് 2018-19, 2019-20 വർഷങ്ങളിലായി 150 പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ടിഗ് ആൻറ് ആർക്ക് വെൽഡിംഗ്, ഇൻഡസ്ട്രിയൽ ഇലക്ട്രീഷൻ, പൈപ്പ് ഫാബ്രിക്കേറ്റർ ഫിറ്റർ എന്നീ 3 കോഴ്സുകളിലായി പരിശീലനം നൽകി വരുന്നു. പരിശീലന കാലാവധി 3 മാസമാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ക്യാമ്പസ് ഇൻറർവ്യൂവിലൂടെ വിദേശത്ത് തൊഴിൽ ലഭിക്കുന്നു. ആദ്യ ബാച്ചിൽ 30 കുട്ടികൾക്ക് പരിശീലനം ലഭ്യമായതിൽ 8 കുട്ടികൾക്ക് വിദേശത്ത് ജോലി ലഭ്യമായിട്ടുണ്ട്. |
| (ഡി) | വിദേശത്ത് തൊഴിൽ നേടുന്നതിനായി വായ്പാപദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പട്ടികജാതിയിൽപ്പെട്ടവർക്കായി വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br>2017-18 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന പട്ടികജാതി ഗുണഭോക്താക്കൾക്ക് വിദേശ തൊഴിൽ വായ്പാ പദ്ധതി നടപ്പിലാക്കുന്നതിന് വകുപ്പിൽ നിന്നും തുക |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുണ്ട്. വിദേശത്ത് തൊഴിൽ തേടിപോകുന്ന പട്ടികജാതിയിൽപ്പെട്ടവരുടെ പാസ്പോർട്ട്, വിസ, എമിഗ്രേഷൻ സർട്ടിഫിക്കറ്റ്, വൈദ്യപരിശോധന, വിമാനയാത്ര തുടങ്ങിയവയുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിന് 2 ലക്ഷം രൂപ വായ്പ അനുവദിച്ചു വരുന്നു. വായ്പാ സബ്സിഡി അനുപാതം 1:1 (കെ.എസ്.ഡി.സി വായ്പ ഒരു ലക്ഷം രൂപയും, വകുപ്പ് നൽകുന്ന സബ്സിഡി ഒരു ലക്ഷം രൂപയുമാണ്). |

**സെക്ഷൻ ഓഫീസർ**